/502387/2023

"ഭരണഭാഷ – മാതൃഭാഷ"

**വ്യാവസായിക പരിശീലന വകുപ്പ്**

**(കേരള സംസ്ഥാനം)**

ട്രെയിനിംഗ് ഡയറക്ടറേറ്റ്
തൊഴിൽ ഭവൻ, തിരുവനന്തപുരം

നമ്പർ: DT/426/2023-C1-Part(2) — തീയതി: 03-10-2023

**ചുറ്ററിയിപ്പ്**

വിഷയം:- വ്യാവസായിക പരിശീലനവകുപ്പ് - ട്രെയിനിംഗ് ഡയറക്ടറേറ്റ് - അഡ്മിഷൻ & അഫിലിയേഷൻ സെക്ഷൻ - ഐടിഐ അഡ്മിഷൻ 2023 - സർക്കാർ/SCDD/STDD/സ്വകാര്യ ഐടിഐകളിലെ പ്രവേശനവുമായി ബന്ധപ്പെട്ട ഷെഡ്യൂൾ പുനഃക്രമീകരിച്ച് പ്രസിദ്ധീകരിക്കുന്നത്-സംബന്ധിച്ച്

സൂചന:-
1. ഡയറക്ടർ-റ്റിസി, DGT യുടെ 27.04.2023 , 04.09.2023തീയതികളിലെ DGT-Aff011/1/2023-O/o DIR (TC) നമ്പരായ കത്ത്
2. അഡീഷണൽ ഡയറക്ടറുടെ 05.09.2023 തീയതിയിലെ DT/426/2023-C1-Part(2) നമ്പരായ ചുറ്ററിയിപ്പ്
3. ജോയിന്റ് ഡയറക്ടർ-റ്റിസി, DGT യുടെ 29.09.2023ലെ DGT-Aff011/1/2023-O/o DIR (TC) (58345) നമ്പരായ കത്ത്
4. അഡീഷണൽ ഡയറക്ടറുടെ 23.09.2023 തീയതിയിലെ DT/426/2023-C1 നമ്പരായ ചുറ്ററിയിപ്പ്

***********

2023 വർഷത്തെ ഐടിഐ അഡ്മിഷനുമായി ബന്ധപ്പെട്ട് സൂചന (1) പ്രകാരം DGT പുറപ്പെടുവിച്ചിരുന്ന സമയക്രമത്തിന്റെ അടിസ്ഥാനത്തിൽ, വകുപ്പ് സൂചന (2) പ്രകാരം അഡ്മിഷൻ ഷെഡ്യൂൾ പുനഃക്രമീകരിച്ച് പ്രസിദ്ധീകരിച്ചിരുന്നു. നിലവിൽ ഐടിഐകളിൽ അഡ്മിഷൻ പൂർത്തിയാകാത്തതിനാൽ 2023 വർഷത്തെ അഡ്മിഷൻ ക്ലോസിംഗ് തീയതി സൂചന (3) പ്രകാരം DGT, 10.10.2023 വരെ ദീർഘിപ്പിച്ചിട്ടുണ്ട്. ഇവ കണക്കിലെടുത്ത് സൂചന (2) പ്രകാരം പ്രസിദ്ധീകരിച്ച 2023 വർഷത്തെ NCVT ട്രേഡുകളിലെ അഡ്മിഷൻ ഷെഡ്യൂൾ ചുവടെ രേഖപ്പെടുത്തും പ്രകാരം പുനഃക്രമീകരിക്കുന്നു.

| Sl. No | Activities | Time line | Responsibility |
|---|---|---|---|
| 1 | Starting of Online Application | 16.06.2023 | Applicants |
| 2 | Last date of Online Application | 25.07.2023 | Applicants |

| | | | |
|---|---|---|---|
| 3 | Verification of Online Application | Up to 26.07.2023 5.00 PM | Govt. ITIs |
| 4 | Master Rank list publishing | 31.07.2023, 3.00 PM | IT Cell |
| 5 | Rank list/Select list publishing by ITIs | 03.08.2023, 3.00 PM | Govt. ITIs |
| 6 | Starting date of Admission | 07.08.2023 | Govt. ITIs |
| **7** | **Last Date of admission in Govt. /SCDD/ STDD/Private ITIs** | **10.10.2023, 5.00 PM** | **Govt./SCDD/ STDD/Private ITIs** |
| **8** | **Admission closing by officials in Govt./ SCDD/ STDD/Private ITIs** | **11.10.2023** (With effect from 10.10.2023) | **Department officials** |
| **9** | **Starting of Training** | **25.09.2023** | **Govt./SCDD/STDD/Private ITIs** |
| **10** | **Data entry and locking process completion in Jalakam Portal by Govt./SCDD/ STDD/ Private ITIs** | **13.10.2023** | **Govt./SCDD/STDD/Private ITIs** |
| **11** | **Approval by admission closing officials in Jalakam Portal of Govt./ SCDD/ STDD/ Pvt.ITIs** | **17.10.2023** | **Department officials** |

2023 വർഷം മുതൽ NCVT MIS പോർട്ടലിൽ നിന്നും മാറി Skill India Digital Plat form അഥവാ SID പോർട്ടലിലേക്കാണ് ട്രെയിനികളുടെ ഡാറ്റാ migrate ചെയ്യുന്നതെന്നും ആയതിന്റെ പ്രാരംഭ നടപടികൾ നടന്നു വരുന്നതായും DGT അറിയിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ടും, ജാലകം പോർട്ടലിൽ ട്രെയിനികളുടെ വിവരങ്ങൾ ഉൾപ്പെടുത്തുന്നതുമായി ബന്ധപ്പെട്ടും സൂചന (2) പ്രകാരമുള്ള ചുറ്ററിയിപ്പിൽ രേഖപ്പെടുത്തിയിട്ടുള്ള നിർദ്ദേശങ്ങൾ കർശനമായും പാലിക്കേണ്ടതാണ്. ഡാറ്റ മൈഗ്രേഷനു വേണ്ടി വളരെ ചുരുക്കം സമയമേ DGT അനുവദിക്കാറുള്ളൂ. ആകയാൽ എല്ലാ പ്രിൻസിപ്പാൾമാരും ഈ ഷെഡ്യൂളിൽ പ്രതിപാദിച്ചിരിക്കുന്ന സമയക്രമം കൃത്യമായും പാലിച്ച് അഡ്മിഷൻ നടപടികൾ പൂർത്തിയാക്കേണ്ടതാണ്.

സൂചന (3) പ്രകാരം അഡ്മിഷൻ ക്ലോസിംഗ് തീയതി 10.10.2023 വരെ DGT ദീർഘിപ്പിച്ച സാഹചര്യത്തിൽ, SCVT ട്രേഡുകളിലെ അഡ്മിഷൻ ക്ലോസിംഗ് തീയതി സൂചന (4) പ്രകാരം 30.09.2023 വരെയായി നിശ്ചയിച്ചിരുന്നത് 10.10.2023 വരെ ദീർഘിപ്പിച്ചതായും അറിയിക്കുന്നു.

വ്യാവസായിക വകുപ്പിന് കീഴിലുള്ള സർക്കാർ ഐടിഐ കളിലെ NCVT & SCVT ട്രേഡുകളിൽ ഓൺലൈൻ മുഖേനെയുള്ള അപേക്ഷകൾ പരിഗണിച്ചതിനു ശേഷവും സീറ്റുകൾ

ഒഴിഞ്ഞു കിടക്കുന്നുണ്ടെങ്കിൽ ടി ഒഴിവുകൾ നികത്തുന്നതിനായി പുതിയതായി (ഓഫ് ലൈനായി) അപേക്ഷ ക്ഷണിക്കേണ്ടതും സ്പോട്ട് അഡ്മിഷനിലൂടെ ഒഴിവുകൾ നികത്തേണ്ടതുമാണ്.

അഡീഷണൽ ഡയറക്ടർ ഓഫ് ട്രെയിനിംഗ്

സ്വീകർത്താവ് :-

1. എല്ലാ പ്രിൻസിപ്പാൾമാർക്കും (സർക്കാർ/SCDD /STDD/പ്രൈവറ്റ്)
2. എല്ലാ ഇൻസ്പെക്ടർ ഓഫ് ട്രെയിനിംഗ്മാർക്ക്

പകർപ്പ് :-

1. ഡയറക്ടർ, പട്ടിക ജാതി/പട്ടിക വർഗ്ഗ വികസന വകുപ്പ്
2. വകുപ്പ് വെബ് സൈറ്റിലേക്ക്
3. മാനേജർ ഇ-ഗവേണൻസ്, ഐ ടി സെൽ